# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* **165** 06.02.2019 -ൽ മറുപടിക്ക്

**മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി**

**ചോദ്യം**

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ കെ.വി.അബ്ദുൾ ഖാദർ
ശ്രീ. കെ. ബാബു
ശ്രീ. ഒ. ആർ. കേളു

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പുരാവസ്തു, മ്യൂസിയം, പുരാരേഖാ വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങളെ ആധുനിക മ്യൂസിയം സങ്കൽപ്പങ്ങൾക്കനുസൃതമായി നവീകരിക്കുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾ കൂടി കൂട്ടിയിണക്കി അന്തർദ്ദേശീയ നിലവാര ത്തിലേക്കുയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br>പുരാവസ്തു വകുപ്പിന് കീഴിലുള്ള തക്കല പത്മനാഭപുരം കൊട്ടാരം, കായംകുളം കൃഷ്ണപുരം കൊട്ടാരം, ഹിൽപാലസ് മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം എന്നിവിടങ്ങളിൽ പുരാവസ്തു വകുപ്പിന്റെ തനതു ഫണ്ട് ഉപയോഗിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ, ഘടനാപരവും രാസപരവുമായ സംരക്ഷണ പ്രവർത്തികൾ എന്നിവ നടത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ഹിൽ പാലസ് മ്യൂസിയം, കോയിക്കൽ കൊട്ടാരം, പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തികളും നടന്നു വരുന്നു.<br><br>മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയത്തിൽ കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ സംരക്ഷിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം, കലാവസ്തുക്കളുടെ ആധുനികരീതിയിലുള്ള പ്രദർശന സംവിധാനം എന്നിവ അന്തർദേശിയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ കങ്കിച്ചിറയിൽ ഗോത്ര സമൂഹത്തിന്റെ ചരിത്രവും മലബാറിന്റെ പൈതൃകവും നിലനിർത്തി |

| | | | |
|---|---|---|---|
| | | | ക്കൊണ്ട് പുതുതായി ആരംഭിക്കുന്ന പൈതൃക മ്യൂസിയം കെട്ടിട നിർമ്മാണത്തിന്റെ 95% പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ ആരംഭത്തിൽ ആധുനിക രീതിയിലുള്ള പ്രദർശനസംവിധാനം (Display) സംവിധാനം സജ്ജമാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.<br><br>തൃശ്ശൂർ മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പുനരുദ്ധാരണ പ്രവർത്തികളും അന്തിമ ഘട്ടത്തിലാണ്.<br><br>സംസ്ഥാന പുരാരേഖാ വകുപ്പ് തിരുവനന്തപുരത്ത് സജ്ജീകരിക്കുവാൻ പോകുന്ന താളിയോല രേഖാലയ മ്യൂസിയം അന്തർദ്ദേശിയ നിലവാരത്തിലേക്കുയർത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വീൽ ചെയറുകൾ മ്യൂസിയങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ റാമ്പുകൾ സ്ഥാപിക്കൽ, ഓഡിയോ വിഷ്വൽ സംവിധാനം ഏർപ്പെടുത്തൽ മറ്റു സാങ്കേതിക വിദ്യകളുടെ പ്രയോജനപ്പെടുത്തൽ എന്നിവ ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.<br>തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷിക്കാരായ സന്ദർശകരുടെ ആവശ്യത്തിനായി ലിഫ്റ്റ്, റാമ്പ്, പാർക്കിംഗ് സംവിധാനം, സ്പെഷ്യൽ ടോയ് ലറ്റുകൾ എന്നിവ ഏർപ്പെടുത്തി. കൂടാതെ നേപ്പിയർ മ്യൂസിയത്തിൽ ഭിന്നശേഷിക്കാർക്കായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ, ഷോർട്ട് ഫിലിമുകൾ, ശ്രാവ്യ സംവിധാനം, ലൈറ്റിംഗ് സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | എല്ലാ ജില്ലകളിലും അതാത് ജില്ലകളുടെ ചരിത്ര പൈതൃകം വെളിപ്പെടുത്തുന്നതിന് ജില്ലാ പൈതൃക മ്യൂസിയങ്ങൾ | (സി) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായി തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം എന്നീ 8 |

| | | | |
|---|---|---|---|
| | സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | | ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>മ്യൂസിയങ്ങളുടെ സജ്ജീകരണ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>**തിരുവനന്തപുരം** :- ജില്ലാ പൈതൃക മ്യൂസിയം ശ്രീപാദം കൊട്ടാരത്തിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയത്തിന്റെ ഘടനാപരമായ സംരക്ഷണ ജോലികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടേയും പ്രദർശന വസ്തുക്കളുടേയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള പദ്ധതി തയ്യാറാക്കി വരുന്നു.<br>**പത്തനംതിട്ട**:- ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിലാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങളുടെ നവീകരണം അവസാന ഘട്ടത്തിലാണ്. മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം ആരംഭിച്ചു<br>**ഇടുക്കി:-** ഇടുക്കി ജില്ലാപഞ്ചായത്തിന്റെ കെട്ടിടത്തിലാണ് ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം കെട്ടിടത്തിന്റെ ഘടനാപരമായ പ്രവർത്തികൾ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം പൂർത്തിയായിട്ടുണ്ട്.<br>**എറണാകുളം** :- ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലെ ബാസ്റ്റ്യൺ ബംഗ്ലാവിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടേയും പ്രദർശനവസ്തുക്കളുടേയും വിശദാംശങ്ങൾ ചേർത്തു കൊണ്ടുള്ള പദ്ധതിരേഖ M/s Fi Designs &development (p)Ltd എന്ന സ്ഥാപനം മുഖേന തയ്യാറാക്കി വരുന്നു.<br><br>**തൃശ്ശൂർ** :- തൃശ്ശൂർ ചെമ്പുക്കാവിൽ സജ്ജീകരിച്ചിട്ടുള്ള തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തികൾ പൂർത്തിയാക്കി 22.06.2018 ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്.<br><br>**പാലക്കാട്**:- പാലക്കാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഘടനാപരമായ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടേയും പ്രദർശന വസ്തുക്കളുടേയും വിശദാംശങ്ങൾ ചേർത്തു കൊണ്ടുള്ള പദ്ധതി രൂപരേഖ M/s Architechno Consultants India Pvt ltd എന്ന സ്ഥാപനം മുഖേന പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പഴശ്ശി കുടീരത്തിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം, ക്യാമറകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായി. ചുറ്റുമതിൽ നിർമ്മാണം, സന്ദർശകർക്കുള്ള ശുചിമുറി എന്നിവയുടെ നിർമ്മാണം പുരോഗതിയിലാണ്.<br>**മലപ്പുറം** :- ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ ടി കെട്ടിടം ലഭ്യമാകുന്നമുറക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഡി) | മഹാൻമാരുടെ കൈയ്യൊപ്പുകൾ സൂക്ഷിക്കുന്ന കൈയ്യൊപ്പ് രേഖാ മ്യൂസിയം സംസ്ഥാനത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | സ്വീകരിച്ചിട്ടുണ്ട്. മഹാൻമാരുടെ കൈയ്യൊപ്പുകൾ സൂക്ഷിക്കുന്ന **കൈയ്യൊപ്പ് രേഖാലയ മ്യൂസിയം** പുരാരേഖാ വകുപ്പ് ഡയറക്ടറേറ്റിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (ഇ) | ആലപ്പുഴയിൽ ഹെറിറ്റേജ് തുറമുഖ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഇ) | ആലപ്പുഴ തുറമുഖമ്യൂസിയം സജ്ജീകരിക്കുന്നത് സംബന്ധിച്ച് ഒരു യോഗം 28.10.2018 ൽ ആലപ്പുഴയിൽ ചേരുകയും പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച യോഗ നടപടികുറിപ്പിൻമേൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി പുരാവസ്തു, പുരാരേഖാ, മ്യൂസിയം വകുപ്പ് ഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**